# യുവജനപ്രസ്ഥാനം അയിരൂർ ഡിസ്ട്രിക്ട് സമ്മേളനം

റാന്നി : മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ നിലയ്ക്കൽ ഭദ്രാസന യുവജനപ്രസ്ഥാനത്തിന്റെ അയിരൂർ ഡിസ്ട്രിക്ട് സമ്മേളനം മാർച്ച് 6-ന് ഞായറാഴ്ച ഉച്ചയ്ക്ക് 1.30 മുതൽ അയിരൂർ മതാപ്പാറ സെന്റ് തോമസ് വലിയപള്ളിയിൽ വച്ച് നടത്തപ്പെടും. റവ.ഫാ.സൈമൺ ജേക്കബ് മാത്യുവിന്റെ അദ്ധ്യക്ഷതയിൽ കൂടുന്ന സമ്മേളനം വെരി.റവ.ഫിലിപ്പോസ് തരകൻ കോർ എപ്പിസ്കോപ്പ ഉദ്ഘാടനം ചെയ്യും. ''യുവജനങ്ങളും മാധ്യമങ്ങളും'' എന്ന വിഷയത്തിൽ ചർച്ച നടക്കും. കുമാരി അനീഷ മോഡറേറ്ററായിരിക്കും.